## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2591** **20.06.2013 ൽ മറുപടിക്ക്**

**അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതന ഘടന**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. ജി. സുധാകരൻ<br>,, ടി. വി. രാജേഷ്<br>,, ബി. സത്യൻ<br>,, പി. ശ്രീരാമകൃഷ്ണൻ | | **ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. സിലബസിൽ വിദ്യാഭ്യാസം നൽകുന്ന സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ചിരിക്കുന്ന വേതന ഘടന എന്താണെന്ന് സംസ്ഥാന സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) & (ബി) | 07.10.2011 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 202/11/പൊ.വി എന്ന മാർഗ്ഗ നിർദ്ദേശങ്ങളിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ഐസി.എസ്.ഇ. സ്കൂളുകളിലെ അധ്യാപകർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും അലവൻസും അതേ നിരക്കിൽ തന്നെ നൽകണമെന്ന് നിബന്ധനയുണ്ട്. |
| (ബി) | ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്കായി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; | | |
| (സി) | ഈ മേഖലയിലെ അദ്ധ്യാപകർ കടുത്ത ചൂഷണത്തിനിരയാക്കപ്പെടുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; നിശ്ചയിക്കപ്പെട്ട വേതനം അദ്ധ്യാപകർക്ക് കിട്ടുന്നു എന്നുറപ്പാക്കാൻ വ്യവസ്ഥകൾ ഏർപ്പെടുത്താമോ; | (സി) | ഉണ്ട്. ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സർക്കാർ ഗൗരവമായി കണ്ട് പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഡി) | ഇവരുടെ പ്രശ്നങ്ങൾ പഠിക്കാനായി ഒരു സ്വതന്ത്ര സമിതിയെ നിയമിക്കുന്നതിനെ കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് എന്താ യിരുന്നു ; അത് നടപ്പാക്കിയോ; വ്യക്തമാക്കുമോ ? | (ഇ) | ഇത് സംബന്ധിച്ച് നം.1042/2012 റിട്ട് അപ്പീലിൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 14.09.2012-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഒ(എം.എസ്) നമ്പർ 384/12/പൊ.വി. തീയതി 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തി അധ്യാപകരുടെയും സ്റ്റാഫിന്റെയും ശമ്പളം സംബന്ധിച്ച Clause (viii) കോടതിവിധി അംഗീകരിക്കുവാൻ തീരുമാനിച്ചു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

" as an interim measure we direct CBSE/ICSE Boards to immediately enforce as condition for continued affiliation payment of monthly salary provisionally, at the rate of Rs.10,000/- for primary and middle school teachers, Rs.15,000/- for secondary school teachers and Rs.20,000/-for senior secondary school teachers with an additional allowance to Headmasters/Principals of Schools by all self financed schools in Kerala affiliated to them including the petitioners herein. So far as the non-teaching staff are concerned, we direct payment of minimum of Rs.6,000/- to clerical staff and Rs.4,500/- to peons and class IV staff as an interim measure until decision is taken by Governments as above. The CBSE/ICSE as well as the Educational authorities are directed to enforce the above direction immediately and also ensure that no manipulations take place in regard to payment of salary to teachers and staff and no school should be allowed to operate bank accounts of teachers through Principal or any other agent. Every teacher should be allowed to start and operate bank account in any branch of any Bank of his choice and no institution should be allowed to retain cheque books of any teacher. If any manipulation or violation is found leading to actual payment below amounts shown as paid or payment below the amounts payable under affiliation norms, appropriate action including withdrawal of NOC and affiliation as well as permissible criminal action should be taken against the managements and the principals involved."